# ലക്ഷ്മീഭായി

പുസ്തകം ൩൧ | ൧൧൧൧ മീനം | ലക്കം ൧൨

## മംഗളം

ലക്ഷ്മീശൻ സർവ്വവർണ്ണങ്ങളെയുമുടലിൽനിന്നുത്ഭവിപ്പിച്ച ദേവൻ
രക്ഷയ്ക്കായ്യുന്നെ ദീക്ഷിച്ചുമരുമൊരു കൃപാംഭോധി പത്രീന്ദ്രപത്രൻ
അക്ഷീണാനേകവർണ്ണാവലിപരിവിലസൽപത്രവൃന്ദം പെടുന്നീ-
‘ലക്ഷ്മീഭായി’ക്കു വേണ്ടും നിഖിലഗുണകലാപൂർത്തിയെച്ചേർത്തിടട്ടെ.

കവിസാർവ്വഭൌമൻ കൊ. കൊച്ചുണ്ണിത്തമ്പുരാൻ.

## ഇതിഹാസപുരാണങ്ങളുടെ നില

“ഇതിഹാസപുരാണാഭ്യാം വേദം സമുപബൃംഹയേൽ
ബിഭേത്യൽപശ്രുതാദ്വേദഃ മാമയം പ്രഹരേദിതി.”

ഇതിഹാസപുരാണങ്ങളെക്കൊണ്ടു വേദാർത്ഥത്തെ വലിയതാക്കി വിശദമാക്കേണം. അല്പജ്ഞൻ തന്നെ പ്രഹരിക്കുമെന്ന വിശ്വാസംകൊണ്ടു വേദം അവനിൽനിന്നു ഭയപ്പെടുന്നു എന്നാണ് ആചാര്യന്മാരുടെ അഭിപ്രായം. ഇതിഹാസപുരാണങ്ങളിൽ കാണുന്ന കഥകളെ വെറും കഥാരൂപേണ ഗ്രഹിച്ചാൽപോരാ. ഛാന്ദോഗ്യോപനിഷത്തിന്റെ ഭാഷ്യത്തിൽ ശങ്കരാചാര്യർ ദേവാസു

ദ്ധയുദ്ധത്തെ മാനസികയുദ്ധമാക്കി വ്യാഖ്യാനിക്കുന്നു. രാമായണവും ഭാഗവതവും ഗായത്രിയുടെ അൎത്ഥത്തെ വ്യക്തമാക്കുകയാണെന്നു പറഞ്ഞുവരാറുണ്ട്. വാച്യാൎത്ഥദശയിൽ രാമായണത്തിൻേറയും ഭാഗവതത്തിൻേറയും അൎത്ഥം ഒന്നല്ലതാനും. പാമരന്മാൎക്കും, പണ്ഡിതന്മാൎക്കും, ചിന്തകന്മാൎക്കും ഓരോരോ നിലയ്ക്കു് ഇതിഹാസപുരാണങ്ങൾ ആദരണീയങ്ങളാണ്.

സ്വഭാവരൂപീകരണത്തിന്നും ഈശ്വരഭക്തി വൎദ്ധിപ്പിക്കുന്നതിന്നുംവേണ്ടി പാമരന്മാർ ഇതിഹാസപുരാണങ്ങളെ സ്വീകരിക്കേണ്ടതാണ്. പുരാണാദികളുടെ വാച്യാൎത്ഥം ഗ്രഹിക്കുവാൻ വളരെ പ്രയാസമില്ലാത്തതുകൊണ്ടും, ഉപദേശപരങ്ങളും ഭക്തിപ്രധാനങ്ങളും സരസങ്ങളുമായ കഥകൾ അവയിൽ ധാരാളമുള്ളതുകൊണ്ടും പഠിപ്പില്ലാത്തവൎക്കും ഇതിഹാസാദികളിൽ രസമുണ്ടാവാം. രസത്തോടും ശ്രദ്ധയോടുംകൂടി പുരാണാദികളെ ശ്രവിക്കുകയൊ വായിക്കുകയൊ ചെയ്യുന്നവരുടെ മനസ്സിൽ ക്രമേണയെങ്കിലും അഹിംസ, സത്യം മുതലായ സദാചാരങ്ങളിൽ ആസക്തി ജനിച്ചുതുടങ്ങാം. അറിവില്ലാത്തവരേയും പുരാണാദികൾ ഈശ്വരഭക്തന്മാരും സദാചാരനിരതന്മാരുമാക്കിത്തീൎക്കുന്നുണ്ടെന്നേ പറയേണ്ടതുള്ളു. അതിനാൽ പുരാണാദികളിലെ വാച്യാൎത്ഥം പാമരന്മാരെ സംബന്ധിച്ചേടത്തോളം അവശ്യം വേണ്ടതും ഉപയോഗമുള്ളതുമാകുന്നു. വെറും വിദ്വാന്മാൎക്കു രാമായണാദികളിൽ കവിതാമാധുൎയ്യത്തിൻെറ ആസ്വാദനംകൂടി പാമരന്മാരേക്കാളധികമുണ്ടാകും. ലോകത്തിലെ മിക്ക കവികളേയും അതിക്രമിച്ചു വൎത്തിക്കുന്നവരാണ് വാല്മീകിയും വ്യാസനും. വാല്മീകിയെ അനുകരിക്കുവാനറിയാം എന്നുള്ളതാണ് മഹാകവി കാളിദാസൻെറ യോഗ്യത.

ഇത്രമാത്രം പറഞ്ഞതുകൊണ്ടു വാല്മീകികോകിലത്തിന്റെ കവിതാകൂജനം എത്രകണ്ടും രമണീയമാണെന്ന് ഊഹ്യമാണല്ലൊ. വാല്മീകി കഴിച്ച് മററ് ഏതൊരു സംസ്കൃതകവിക്കും വ്യാസന്റെ അടുത്തുപോകുവാൻപോലും ശക്യമല്ലെന്നു ലോകവിദിതമാണല്ലൊ. വാല്മീകിയുടേയും വ്യാസന്റേയും കവിതകളിലുള്ള ഗുണഗണങ്ങളെ ആസ്വദിക്കുന്നതിൽപരം സുഖജനകമായി വിദ്വദ്വൃന്ദത്തിന്നു മററെന്താണുള്ളത്? ഈ ആസ്വാദനത്തോടുകൂടെ പുരുഷാർത്ഥസമ്പാദനത്തിനുള്ള മാർഗ്ഗങ്ങളും വിദ്വജ്ജനങ്ങൾക്കു പുരാണാദികളിൽനിന്നു ലഭിക്കാവുന്നതാണ്. ഇങ്ങിനെ വിദ്വാന്മാർക്കും പുരാണങ്ങൾ ആദരണീയങ്ങളാണെന്നു വരുന്നു. ഋഗ്വേദാദി വൈദികസാഹിത്യംവഴിക്ക് ഇതിഹാസാദികളെ ചിന്തിച്ചുതുടങ്ങിയാൽ വേദങ്ങൾക്കും പുരാണാദികൾക്കും തമ്മിലുള്ള ബന്ധങ്ങൾ പലതരത്തിൽ കണ്ടുതുടങ്ങാം. ഈ വിഷയത്തെപ്പററി അല്പം ചിന്തിക്കാം.

ഉപനിഷദ്ഭാഷ്യത്തിൽ ശങ്കരാചാര്യർ ഇതിഹാസത്തിന്നും പുരാണത്തിന്നും ചില ബ്രാഹ്മണവാക്യങ്ങളെയാണ് ഉദാഹരിക്കുന്നത്. മഹാഭാരതം, വിഷ്ണുപുരാണം ഇതെല്ലാം ആചാര്യസ്വാമികൾക്ക് അറിയാം, നിശ്ചയംതന്നെ. എന്നിട്ടും അവസ്സുദാഹരണങ്ങളായി ആചാര്യർ ബ്രാഹ്മണവാക്യങ്ങളെ കാണിക്കുന്നു. മാത്രമല്ല ഇതിഹാസഭാഗം, പുരാണഭാഗം എന്ന വിഭാഗങ്ങൾ ബ്രാഹ്മണങ്ങളിൽ ഉണ്ടെന്നു സായണാചാര്യർ വേദഭാഷ്യത്തിൽ പറഞ്ഞിട്ടുമുണ്ട്. അതായത് ഇതിഹാസപുരാണങ്ങളുടെ ആരംഭം വേദങ്ങളിൽനിന്നുതന്നെയാണെന്നു സാരം. വേദതത്വങ്ങളെ കഥാരൂപേണ വെളിവാക്കുന്ന ഇതിഹാസപുരാണങ്ങൾ വേദഭാഗങ്ങൾതന്നെ

യാണെന്നേ പറയേണ്ടതുള്ളൂ. വ്യാസപ്രഭൃതികളുടെ കവിതാചാതുൎയ്യംകൊണ്ടു പുരാണാദി കഥകൾ വാസ്തവങ്ങളാണെന്നുള്ള ധാരണയുണ്ടാവാൻ തുടങ്ങി. പുരാണാദികഥകൾ വാസ്തവങ്ങളല്ലെന്നു ചിന്താശീലന്മാരായ വിദ്വാന്മാർ പറയുവാൻ തുടങ്ങിയാൽ പാമരന്മാൎക്കു പുരാണപാരായണത്തിൽ ശ്രദ്ധ കുറഞ്ഞു എന്നുവരാം. ഉപനിഷത്തുകളിലുള്ള സൃഷ്ടിപ്രതിപാദകങ്ങളായിരിക്കുന്ന വാക്യങ്ങളുടെ വിശദീകരണങ്ങളാണു് പുരാണങ്ങൾ എന്നു ചില ആചാൎയ്യന്മാർ പറയുന്നുണ്ടു്. 'തത്വമസി' ഇത്യാദി മഹാവാക്യങ്ങളുടെ അൎത്ഥവാദങ്ങളാണു് ഉപനിഷത്തുകളിലെ സൃഷ്ടിയെ പ്രതിപാദിക്കുന്ന വാക്യങ്ങൾ. അതിനാൽ പുരാണങ്ങൾ ഉപനിഷത്തുകളിലുള്ള മഹാവാക്യങ്ങളുടെ അൎത്ഥവാദങ്ങൾതന്നെയാണു്. ഇതിഹാസങ്ങൾ പ്രായേണ ജ്ഞാനമാൎഗ്ഗത്തേയോ കൎമ്മമാൎഗ്ഗത്തേയോ കാണിക്കുന്നവയായിരിക്കും.

ജ്ഞാനമാൎഗ്ഗപ്രാപ്തിക്കു കൎമ്മമാൎഗ്ഗത്തിൽ ഏതുമാതിരി സ്ഥിതിചെയ്യേണമെന്നുള്ളതിനെ മഹാഭാരതവും ജ്ഞാനമാൎഗ്ഗത്തിൽക്കൂടെ പോകേണ്ട രീതിയെ രാമായണവും കാണിക്കുന്നു. രാമായണത്തിലേയും മഹാഭാരതത്തിലേയും ഈശ്വരപുത്രന്മാരായ പാത്രങ്ങളുടെ നിലഭേദങ്ങളെപ്പററി ചിന്തിക്കട്ടെ.

ഭൂമി, അന്തരിക്ഷം, ദ്യുലോകം ഇങ്ങിനെ മൂന്നുലോകങ്ങളിലാണു് വൈദികദേവതകൾ സ്ഥിതിചെയ്യുന്നതു്. സ്ഥൂലശരീരം, സൂക്ഷ്മശരീരം കാരണശരീരം ഈ മൂന്നു ശരീരങ്ങളായി മൂന്നു ലോകങ്ങളെ ഗണിക്കാം. ഇപ്പോൾ സ്ഥിതിചെയ്യുന്ന നില, എത്തിച്ചേരുവാനുദ്ദേശിക്കുന്ന നില, ഇപ്പോഴത്തെ നിലയിൽനിന്നു് ഉദ്ദേശസ്ഥലത്തെത്തുവാനുള്ള ഉദ്യമം ഇവകളാണു് ആ മൂന്നു

ലോകങ്ങൾ എന്നും കരുതാം. സത്വരജസ്തമോഗുണ ങ്ങൾകൊണ്ടുണ്ടാവുന്ന മാനസികനിലകളാണ് ലോക ത്രയമെന്നും അഭിപ്രായമുണ്ട്. പ്രഥമലോകനാഥൻ അ ഗ്നിയും, മദ്ധ്യമലോകത്തിൻെറ അധിപതി ഇന്ദ്രനും (വായു അല്ലെങ്കിൽ ചലനമാണെന്നും ഒരു മതം) മൂന്നാ മത്തെലോകം സൂൎയ്യൻെറ വാസസ്ഥാനവുമാണെന്നാണ് നിരുക്താദിശാസ്ത്രങ്ങൾ പറയുന്നത്. യുദ്ധവാചകശ ബ്ദങ്ങൾകൊണ്ടു യജ്ഞത്തേയും യജ്ഞവാചകശബ്ദങ്ങൾ കൊണ്ടു യുദ്ധത്തേയും കാണിക്കാറുണ്ടെന്നാണ് വൈദി കസങ്കേതം. അതുകൊണ്ടുതന്നെയാണ് ദേവാസുരയുദ്ധ ത്തെ മാനസികയുദ്ധമായി വ്യാഖ്യാനിക്കുന്നത്. രാവ ണനെ സൂൎയ്യകവചമന്ത്രംകൊണ്ടു കൊല്ലുന്നു. ആത്മസ്വ രൂപത്തെ കാണിക്കുന്ന ഒരു മന്ത്രമാണ് സൂൎയ്യകവചം. ആത്മജ്ഞാനംകൊണ്ടു കൊല്ലപ്പെടുന്നത്, ഒരു രാക്ഷ സനാവുകയില്ല. രാജസാഹങ്കാരഹനനമാണ് രാവണ വധം.

സംസാരസാഗരമദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന ദേ ഹം ലങ്കാപുരിയാകുന്നു. ശക്തിമത്തുകളായ പത്ത് ഇ ന്ദ്രിയങ്ങളോടുകൂടിയ രാജസാഹങ്കാരത്തിൻെറ ചിത്രീക രണമായി രാവണനെ വിചാരിക്കാം. കുംഭകൎണ്ണൻ ത മോഗുണവും വിഭീഷണൻ സത്വഗുണവുമാണ്. സത്വ ഗുണത്തിൻെറ സഹായത്തോടുകൂടി രജസ്തമോഗുണങ്ങ ളെ നശിപ്പിക്കുന്നതുതന്നെയാണ് രാമരാവണയുദ്ധം. ഇ തിൽ വൈദികദേവതകളുടെ അല്ലെങ്കിൽ ഉൽകൃഷ്ടങ്ങ ളായ അന്തഃകരണവൃത്തികളുടെ സഹായത്തെ സുഗ്രീ വാദി സേനകളുടെ പ്രവൃത്തികളെക്കൊണ്ടു കാണിക്കുന്നു.

സൂൎയ്യൻ ജ്ഞാനത്തിൻെറ പ്രവൎത്തകനായിട്ടാണ് പണ്ടത്തെ ഭാരതീയർ വിചാരിക്കാറുള്ളത്. ശരിയായ

പ്രവൃത്തികളെല്ലാം ജ്ഞാനത്തിന്റെ കീഴിലായിരിക്കും. ഈ താൽപൎയ്യത്തിലാണ് സൂൎയ്യപുത്രനായ സുഗ്രീവനെ ശ്രീരാമസൈന്യത്തിന്റെ രാജാവായി കാണുന്നത്. ജ്ഞാനകാണ്ഡത്തിലെന്നപോലെ കൎമ്മകാണ്ഡത്തിൽ ജ്ഞാനത്തിന്നു പ്രാധാന്യമില്ല. അതുകൊണ്ടുതന്നെയാണ് മഹാഭാരതത്തിലെ സൂൎയ്യപുത്രനായ കൎണ്ണനെ സുഗ്രീവനേക്കാൾ താഴ്ന്നനിലയിൽ കാണുന്നത്. ഉപനിഷത്തുകളിൽ പ്രാണനെ അല്ലെങ്കിൽ വായുവിനെ സൎവ്വസ്വരൂപമായി വൎണ്ണിക്കുന്നു. ജ്ഞാനത്തിന്റെയും കൎമ്മത്തിന്റെയും ഒരു സമഷ്ടിയാണ് ഉപനിഷത്തിലെ പ്രാണദേവൻ. ഈ പ്രാണദേവന്റെ ജ്ഞാനപരമായ ഉപകാരിത്വം യോഗശക്തിയും കൎമ്മപരമായ ഉപകാരിത്വം വെറും ശക്തിയും ആകുന്നു. പ്രാണദേവന്റെ പുത്രൻ അല്ലെങ്കിൽ വായുസുതനായ ഹനൂമാൻ യോഗശക്തിയാകുന്നു. യോഗശക്തികൊണ്ടു ജീവാത്മാവിന്റെയും മായയുടേയും സ്വരൂപത്തെ ധ്യാനത്തിൽ പ്രത്യക്ഷീഭവിപ്പിക്കുന്നു. ഇങ്ങിനെ പ്രത്യക്ഷീഭവിപ്പിക്കുന്നതിന്റെ സൂചകമാണ് സുന്ദരകാണ്ഡം. അതുകൊണ്ടുതന്നെയാണ് സുന്ദരകാണ്ഡം വായിക്കുന്നത് അത്യുത്തമമാണെന്നു പറയുന്നത്. ഭാരതത്തിലെ വായുപുത്രനായ ഭീമസേനൻ ഹനൂമാനേക്കാൾ എത്രയോ താഴ്ന്നനിലയിൽ സ്ഥിതിചെയ്യുന്നു. കൎമ്മകാണ്ഡത്തിൽ പ്രാണദേവന്റെ ഉൽകൃഷ്ടശക്തികൾ വേണ്ടവിധത്തിൽ വെളിവാകുന്നില്ലെന്നുള്ളതിനെ, ഭാരതത്തിലെ ഭീമസേനന്റെ നില കാണിക്കുന്നു. ഇന്ദ്രപുത്രനായ ബാലിയെ രാമായണത്തിൽ കൊല്ലുന്നു. എന്നാൽ ഇന്ദ്രപുത്രനായ അൎജ്ജുനനെ മഹാഭാരതത്തിൽ വലിയ പ്രധാനിയായി കാണുന്നു. ഇതിന്നും കാരണമുണ്ട്. ശക്തിപ്രയോഗം ഇന്ദ്ര

ന്റേതാണെന്നു നിരുക്തം മുതലായ ശാസ്ത്രങ്ങളിൽ കാണുന്നു. വെറും ബാഹ്യശക്തി ജ്ഞാനകാണ്ഡദൃഷ്ട്യാ സ്വീകാൎയ്യമല്ല. കൎമ്മകാണ്ഡദൃഷ്ട്യാ ബാഹ്യശക്തിക്കു പ്രാധാന്യമുണ്ടുതാനും. വാസ്തവത്തിൽ ബാഹ്യശക്തിയും ഈശ്വരന്റെ ഒരു അവസ്ഥാഭേദംതന്നെയാണ്. ഇങ്ങിനെ ചില താൽപൎയ്യങ്ങളോടുകൂടിയാണ് അൎജ്ജുനനെ ശ്രീകൃഷ്ണഭക്തനായും മഹായോദ്ധാവായും ഭാരതത്തിൽ കാണുന്നത്. വേദപ്രകാരം അഗ്നി ഒരു പ്രധാനദേവതയാണ്. മനുഷ്യന്ന് ആദ്ധ്യാത്മികമായ പുരോഗമനമുണ്ടാക്കുന്നത് അഗ്നിയാകുന്നു. ബാഹ്യമായ തിൎയ്യ ദുൎഗ്ഗന്ധങ്ങളെ നശിപ്പിച്ചും അന്ധകാരത്തെ കളഞ്ഞു, ഭക്ഷിച്ചതിനെ ദേഹത്തോടു ചേൎപ്പിച്ചും പ്രാണികളുടെ നിലനില്പിന്ന് അത്യന്തമുപയോഗിയായിത്തീരുന്നു. അതുകൊണ്ടു ബാഹ്യമായ തിൎയ്യിനെ അഗ്നിദേവന്റെ വിഗ്രഹമാക്കികല്പിക്കുന്നു. അസൂയ മുതലായ മനോദോഷങ്ങളെ നശിപ്പിച്ചും ജ്ഞാനപ്രകാശത്തെ വൎദ്ധിപ്പിച്ചും സദ്വിഷയങ്ങളായ വാസനകളെ ഉണ്ടാക്കിയും അഗ്നിഭഗവാൻ മനുഷ്യനെ ഈശ്വരസന്നിധിയിലേക്കുകൊണ്ടുപോകുന്നു. ഈ അഗ്നിഭഗവാന്റെ പുത്രനായ നീലനാണ് വാനരസേനയുടെ നായകൻ. "അഗ്നിൎവ്വൈ ദേവാനാം സേനാനീഃ" എന്നാണ് ബ്രാഹ്മണം. വൈദികത്തിലെ ചില ദേവതകൾക്കും ഇതിഹാസപുരാണങ്ങളിലെ പാത്രങ്ങൾക്കും പരസ്പരം ബന്ധമുണ്ടെന്നു കാണിക്കുവാൻ ഇവിടെ അല്പം ചിലതു പറഞ്ഞു എന്നേയുള്ളു. മറ്റൊരവസരത്തിൽ ഈ വിഷയത്തെ വിസ്തരിക്കുവാൻ നോക്കാം. ഇതിഹാസപുരാണങ്ങൾ സൎവ്വഥാ സ്വീകാൎയ്യങ്ങളാണെന്നു സാരം.

വി. കെ. നാരായണഭട്ടതിരി.

# ഭക്തിലഹരി

## ൬

പാതാളം പുക്ക പോത്രിപ്രവരവരവപു-
 സ്സാൻറ നീ യജ്ഞമൂർത്തേ!
ഭൂ താങ്ങിക്കൊണ്ടുപോരുംവഴിയുദധിയിൽവെ-
 ച്ചുത്ഭവിച്ചാം വഴക്കിൽ
ജാതാമർഷം ഹിരണ്യാക്ഷനെയരഞ്ഞൊടിയിൽ
 തേററയാൽ വജ്രി വജ്രാ-
ഘാതാൽ പാർ ചുററുമദ്രിപ്പടിയവിടെയരി-
 ഞ്ഞിട്ട നിയ്യേ സഹായം. ൧

പണ്ടാകൂതിയിൽ നീ 'രുചിക്കു' മകനായ്
 സാക്ഷാൽ 'സുയജ്ഞാ'ഖ്യനാ-
യുണ്ടായീ; പ്രിയപത്നി 'ദക്ഷിണ'യില-
 ന്നുണ്ടാക്കി വാനോർകളെ
കൊണ്ടാടിബ്ഭുവനം ഭരിപ്പൊരളവാ-
 'സ്വായംഭുവൻ' വിഷ്ണുവായ്-
ക്കണ്ടാരാലടിയിൽ പണിഞ്ഞ ഭഗവൻ!
 തൃക്കാലെനിക്കാശ്രയം. ൨

മുന്നം 'കർദ്ദമ'നുണ്ണി നീ 'കപിലനാ'യ്
 ചിൽബ്രഹ്മതത്വം പറ-
ഞ്ഞന്നമ്മയ്ക്കു മനസ്സിലാക്കിയലിവോ-
 ടാ'ദ്ദേവഹൂതി'ക്കുടൻ
തന്നെത്താനറിയുന്ന ബോധമൃതകി-
 സ്സായുജ്യവും നല്കിയ-
ങ്ങന്നത്തെത്തിരുവായ്മൊഴിപ്പൊരുളിലെ-
 ന്നുള്ളം ലയിപ്പിക്കണം. ൩

മോഹഭ്രാന്തൊക്കെ നീക്കും കപിലമുനി മൊഴി-
ഞ്ഞുള്ളോരാത്മതത്വശാസ്ത്രം
'സോഹം ബ്രഹ്മാസ്മി'യെന്നുള്ളറിവെവനുമുദി-
പ്പിക്കുമേവം ജയിപ്പൂ
ദേഹത്തിൽ സക്തി നീക്കിസ്സമഗുണനിധിയായ്
ചിൽപരബ്രഹ്മമൊന്നിൽ
സ്നേഹം പൂണ്ടിന്നുമമ്പാ കപിലമുനി തപി-
ക്കുന്നു നമ്മൾക്കുവേണ്ടി. ൪

ചിത്താം നീ പുത്രനാകാൻ കരുതിയ മുനി 'യ-
ത്രി'ക്കു മുമ്പിൽ തെളിഞ്ഞൻ
ഹൃത്താൽ ഞാൻ ദത്തനായെന്നരുളിയലിവൊടും
പുത്രനായിപ്പിറന്നു
'ദത്താത്രേയാ'ഖ്യനെന്നിട്ടരുളി 'യദുവിനും'
'ഹേഹയ'ന്നും ശമം പാ-
ർത്താപം തീർത്തുയർത്തീ; തിരുവടിയിവനു-
ള്ളാർത്തിയും തീർത്തിടേണം. ൫

ധാതാവീയുലകം ചമപ്പതിനു വ-
യ്മ്പൊക്കാൻ തപിക്കുന്ന നാൾ
നീതാനാ'സ്സനകാദി' നാലു സുതരായ്
ബ്രഹ്മാവിലുണ്ടായവർ
ഭൂതാണന്നു മറഞ്ഞ നിർമ്മലവിശു-
ദ്ധജ്ഞാനമോർമ്മിച്ചുകൊ-
ണ്ടോതാനന്നവരായ്പിറന്നു ഭഗവൻ!
തൃക്കാക്കൽ വീഴുന്നു ഞാൻ. ൬

ധർമ്മനുണ്ണികൾ മൂർത്തി പെററ 'നരനും'
'നാരായണൻ'താനുമീ-
ജ്ജന്മം പൂണ്ട വിരാൾപുമാനവരഹോ!
സാക്ഷാൽ തപോമൂർത്തികൾ

അമ്മട്ടില്ല തപോബലം സുമശരാ-
    രിക്കും, രമാനാഥനും
കർമ്മം തന്തൊഴിലായവന്നുമവരെ-
    ക്കൂപ്പുന്നു ഞാൻ നിത്യവും. ൧
ധീരന്മാരവരെസ്സുരാംഗനകളും
    പൂവമ്പനും ചേൎന്നു ചെ-
ന്നാരംഭിച്ചു മയക്കുവാനിളകിയി-
    ല്ലൊട്ടും ശമം പൂണ്ടവർ
പാരം പ്രീതി കലൎന്നു ദാസികളിൽനി-
    ന്നന്നുർവ്വശീദേവിയെ-
ത്താരമ്പൻമുതൽപേൎക്കു നല്കിയവരോ
    വാങ്ങിച്ചു നാണിച്ചുപോയ്. ൨
ചേലഞ്ചും വലിയമ്മ താതസവിധേ
    ദുർവ്വാക്കരഞ്ഞൂ ധ്രുവൻ
ബാലൻ പൊയ്ത്തപമാൎന്നു കാട്ടിലവിടെ-
    പ്പക്ഷീന്ദ്രനിൽക്കേറി നീ
ശീലം കണ്ടു തെളിഞ്ഞണഞ്ഞു തഴുകി-
    ഗ്ഘ്രാണിച്ചു ലാളിച്ചുടൻ
മാലററ ധ്രുവസൽപദത്തിലവനെ
    സ്ഥാപിച്ച നിന്നെത്തൊഴാം. ൩
പാപത്തിൽ കരളാണ്ട വേനനിലെഴു-
    ന്നൈശ്വര്യവും ജീവനും
ശാപത്താൽ മറയോരെടുത്തുടൽ കട-
    ഞ്ഞർത്ഥിക്കെ നീ പുത്രനായ്
പാപം താതനു തീൎത്തു ഭൂമിയിൽ മറ-
    ഞ്ഞൈശ്വര്യവും വീണ്ടെടു-
ത്താപത്താററിയെഴും പൃഥുക്ഷിതിപനാ-
    മങ്ങെന്നെ രക്ഷിക്കണം. ൪

നാഭിക്കന്നു സുദേവി പെറെറാരൃഷഭൻ
പുത്രൻ ഭവാൻ യോഗിയായ്
ശോഭിക്കുന്നു ജിതേന്ദ്രിയൻ സകലവും
ചിൽബ്രഹ്മമായ്ക്കണ്ടവൻ
സ്ഥാപിച്ചുള്ളൊരു യോഗചര്യ മുനിമാർ
നേടുന്നു ലോകത്തൊടാം-
ജ്ഞാപിപ്പൂ തിരുമേനിയീ നിലയിൽനി-
ന്നിക്കാര്യമങ്ങെത്തൊഴാം. ൧൧
ചൊല്ലാം ദേവമയൻ, സുയജ്ഞമയനാ-
ഛന്ദോമയൻ, സുപ്രഭൻ
ചൊല്ലാളും ഹയശീഷനത്ര വിധിസ-
ത്രത്തിങ്കലുൽഭൂതനായ്
നല്ലാശ്ചര്യമവൻെറ നാസികയിൽനി-
ന്നുണ്ടായി വേദങ്ങൾ നീ-
യുല്ലാസത്തൊടെടുത്തൊരത്ഭുതവപു-
സ്സെന്നോത്തു കൂപ്പുന്നു ഞാൻ. ൧൨
നാനാപക്ഷിമൃഗങ്ങളൊത്തവനി മു-
ങ്ങുന്നന്നു സത്യവ്രതൻ
താനാലംബനമായ്ക്കളൻറുദധി പൃ
ക്കെല്ലാം വഹിച്ചന്നു നീ
മീനായ്ബ്രഹ്മമുഖാൽ മറഞ്ഞ മറയും
താങ്ങിക്കളിച്ചുള്ളൊരാ-
ശ്രീനാരായണ! ഞാൻ വലഞ്ഞു ദുരിതം
തീർത്തെന്നെ രക്ഷിക്കണം. ൧൩
ക്ഷീരാംഭോനിധി പണ്ടു പണ്ടമൃതിനായ്
ദേവാസുരന്മാർ കട-
ഞ്ഞൊരാ വേളയിൽ മന്ധമന്ദരഗിരി-
ത്താങ്ങായടിത്തട്ടിൽ നീ

ഘോരാകാരമൊരാമയായ്ഗിരി തിരി-
ക്കമ്പോൾ പുറത്തിഷ്ടമാ-
യോരാക്കൊച്ചു ചൊറിച്ചിലിൽ സുഖമുറ-
ങ്ങിപ്പോയ നിന്നെത്തൊഴാം. ൧൪

നോക്കാൻ വയ്യ വിരിഞ്ചിതൊട്ട വിബുധ-
ന്മാൎക്കും കരാളാനനം
തിക്കാളും കടുദൃഷ്ടി ഹന്ത! നരസിം-
ഹാകാരമാൎന്നു നീ
നേൎക്കാസ്സുൻഗട വീക്കമാട്ടനുജനെ-
ശ്ശീഘ്രം നഖംകൊണ്ടുതാൻ
തീക്ഷ്ണാസ്സുടയിൽക്കിടത്തിയുടൽ കീ-
റിക്കൊന്ന നിന്നെത്തൊഴാം. ൧൫

നക്രം കാലിൽ കടിച്ചാഗ്ഗജപതി ഗതികെ-
ട്ടാൎത്തനായാസ്സരസ്സിൽ
ചക്രം പുററിക്കഴങ്ങിത്തിരുവടിയെ നമി-
ച്ചന്നു നാമം ജപിക്കെ
ചക്രം കൈക്കൊണ്ടു വേഗം വിഹഗവൃഷഭനിൽ
കേറിയങ്ങെത്തി മോക്ഷം
നക്രത്തെക്കൊന്നവക്കേകിയ വരദ! ഭവാൻ
ഭക്തനാക്കേണമെന്നെ. ൧൬

ചൊല്ലാം ഞാനമിതിക്കു നീയിളയവൻ;
ജ്യേഷ്ഠൻ ഗുണത്താൽ; ജഗ-
ത്തെല്ലാം മൂന്നടികൊണ്ടിരന്നവനഹോ!
യജ്ഞേശപരൻ വാമനൻ
ചൊല്ലാളും സുപഥസ്ഥനാം പ്രഭുവിനെ-
ത്തൊല്ലിക്കുവാൻ യാച്ഞയൊ-
ന്നല്ലാതില്ലൊരു മാൎഗ്ഗമെന്നറിയുമോൻ
ലക്ഷ്മീപതേ! വന്ദനം. ൧൭

തൃപ്പാദം കഴുകിച്ച തീർത്ഥമണിപോൻ
സാക്ഷാൽ ബലിക്കെന്തിനീ-
മുപ്പാരും വിബുധാധിപത്യവുമവൻ
വാഗ്ദാനമൊപ്പിക്കുവാൻ
കെല്പാകാഞ്ഞതിലാണ്ണലഞ്ഞുടനേ
സർവ്വസ്വവും ജീവനും
തെല്ലാദരാർച്ചന ചെയ്ത ഹന്ത! ശിരസാ
വന്ദിച്ചു; വന്ദിപ്പു ഞാൻ. ൧൮
മല്ലാരാതിയിലുള്ളുറച്ചവർ തിര-
ക്കിക്കണ്ട തത്വങ്ങളെ-
ന്നെല്ലാരും കരുതുന്ന ഭാഗവതസി-
ദ്ധാന്താർത്ഥവിജ്ഞാനവും
ചൊല്ലാളും പല യോഗചര്യകളുമ-
ശ്രീനാരദർക്കാദ്യമായ്
ചൊല്ലാനന്നയി! നീ വഹിച്ച വരമം-
സാകാരമാലംബനം. ൧൯
മുപ്പാരും തടവററ ചക്രബലമു-
ള്ളാജ്ഞെയ്ക്കു കീഴിൽ വരം
കാപ്പാൻ നീ മരുവായ്പിരന്നു പുകഴും
മന്വന്തരംതോറുമേ
തൃപ്പാദാശ്രിതരക്ഷ; ദുഷ്ടമേനം,
സൽക്കീർത്തി ധാതാവിനും
കേൾപ്പാനന്നിടയാക്കിയാക്കഥകളെ-
പ്പാടുന്നു ഞാൻ ശ്രീപതേ! ൨൦
ചൊല്ലാളുന്നൊരു മൂർത്തിയെന്നു കരുതും
ധന്വന്തരിപ്പേരെടു-
ത്തെല്ലാർക്കും രുജയററി നാമജപമാം
സിദ്ധൗഷധം നല്കി നീ

ചൊല്ലാം സോമപനാൎയ്യകഴ്ന്നു പുനരാ-
　　യുൎവ്വേദസിദ്ധിക്കുതാൻ
നല്ലാലംബനമായ്ഭവിച്ചു ഭഗവൻ!
　　രോഗാൎത്തനീ ബ്രാഹ്മണൻ. ൨൧
മുന്നം ക്ഷത്രിയധൎമ്മമാൎഗ്ഗരഹിത-
　　ന്മാരായ്ത്തിളയ്ക്കുന്നോരാ
മന്നന്മാരെയമൎത്തുവാൻ 'പരശുരാ-
　　മാ'ഖ്യൻ ഭവാൻ ഭാൎഗ്ഗവൻ
തന്നത്താനടരാടിയാ നൃപകുലം
　　മുവ്വേഴുവട്ടം മുടി-
ച്ചുന്നത്തെബ്ബഹളത്തിനും, മഴുവിനും,
　　ശൌൎയ്യത്തിനും വന്ദനം. ൨൨
മുമ്പിക്ഷ്വാകുകുലത്തിൽ നീ; വിധി കനി-
　　ഞ്ഞൎത്ഥിക്കയാൽ പ്രീതനായ്-
വെമ്പിദ്ദാശരഥിത്വമാൎന്നു ഗുരുവി-
　　നാജ്ഞയ്ക്കു കീഴേകനാ
തമ്പി, പ്രേയസിമാരൊടൊത്തടവി പു-
　　ക്കഞ്ഞേ വിരോധിച്ചകം
കമ്പിപ്പിച്ചവനാട്ടശാസ്യനതൊരാ-
　　പത്തായി പത്മാപതേ! ൨൩
വെക്കം ശത്രുപുരം കരിപ്പതിനു മു-
　　ക്കണ്ണന്റെപോലോൎത്ത നി-
ന്നൎക്കത്തും വിരഹാൎത്തിയിൽ തുടച്ചുടും
　　തൃക്കണ്ണിലുക്കീടവെ
നിക്കക്കള്ളി കിടച്ചിടാത്ത ജലജ-
　　ന്തുവ്രാതമൊത്താൎത്തനായ്
ചിക്കന്നംബുധിമാൎഗ്ഗമേകിയവിടെ-
　　സ്സാലങ്ക കേറീടുവാൻ. ൨൪

ഉങ്കാരന്നൈരാവതത്തെപ്പലകുറിയരമ-
മ്മാനമാടിക്കളിച്ചോൻ
നിങ്കാന്താചോരണം ചെയ്തവനിരുപതു ക-
ണ്ണുള്ളവൻ പോരടിക്ക
ഹുങ്കാരംകൊണ്ടു നൃത്തീട്ടവനുടെ കഥ നീ
വിൽവലിക്കുമ്പോളുണ്ടാം
ടങ്കാരംകൊണ്ടു തീർത്തു ഖലയുമടിയനാ-
രാമചന്ദ്രൻ സഹായം. ൨൭

നടുവത്തു മഹൻനമ്പൂരി.

## പാലിററ് സൌധം

(തുടർച്ച)

അ്നന്തരോയി ഒരു സുന്ദരനാണെന്നു പറയാൻ തരമില്ല. ചെറുപ്പവുമല്ല. ഇതു രണ്ടും വിസ്മരിക്കുന്നതായാൽ അദ്ദേഹത്തെപ്പററി യാതൊരു ദൂഷ്യവും പറയാനില്ല. ഇമ്മാതിരി ഒരാളെക്കിട്ടുവാനാണ് വിനോദിനി ഇത്ര കാലം കാത്തിരുന്നത്. ആഭയെ ഇപ്പോൾ നല്ലൊരു സ്ഥിതിയിൽ ആക്കിയതുകൊണ്ടു വിനോദിനിക്കു സന്തോഷമായി.

'പാലിററ് സൌധം' മൂന്നു പാത കൂടുന്ന സ്ഥലത്തായിരുന്നു. അതു പുതിയൊരു എടുപ്പാണ്. ചായംകൊടുത്തതിൻെറ ദുർഗ്ഗന്ധം തീരെ പോയിട്ടില്ലെന്നുതന്നെ പറയണം. അതൊരു വലിയ കെട്ടിടമായിരുന്നു. വളരെ നിലകളുമുണ്ടായിരുന്നു. അവയിലെല്ലാം താമസിക്കുവാൻ ആളുകളുമുണ്ടായിരുന്നു. അത് ആരുടെ കണ്ണിനേയും ആകർഷിക്കുമായിരുന്നു. അധികം വാടക കൊടുക്കുന്നതിൽ ആൎക്കും ഒരു വൈമനസ്യമുണ്ടായിരുന്നില്ലതാ

നം. ആധുനികപരിഷ്ക്കാരത്തിൽ പണിചെയ്ത ഒരു കെട്ടിടമായിരുന്നു അത്. അതൊരു വലിയ ഹോട്ടലിനേയൊ ഒരു ഗവൺമെണ്ട് ആപ്പീസ്സിനേയൊ പോലെ തോന്നി.

അവിടെ താമസിച്ചിരുന്നവരിൽ മിക്കവരും യൂറോപ്യന്മാരും, ചട്ടക്കാരും, ആർമീനിയക്കാരുമായിരുന്നു. അതിൽ ഒരു ബങ്കാൾകുടുംബമൊ ഇന്ത്യൻകുടുംബമൊ ഉണ്ടായിരുന്നില്ല. പ്രാന്തകൾ വളരെ വൃത്തിയിൽവെച്ചിരുന്നു. ജനലുകളുടെ സമീപം വൃത്തികെട്ട കിടപ്പുസാമാനങ്ങൾ കാററുകൊള്ളുവാനിട്ടിരുന്നതുമില്ല. നഗ്നന്മാരും അർദ്ധനഗ്നന്മാരുമായ കുട്ടികൾ കോണിപ്പടിയുടെ സമീപമൊന്നും കളിച്ചിരുന്നില്ല. ഭവനത്തിൻെറ ഉമ്മറത്തുള്ള വഴിയിൽ യാതൊരു കുപ്പയും ഇട്ടിരുന്നതുമില്ല.

അവിടെ താമസിച്ചിരുന്നവരെല്ലാം വളരെ വൃത്തിയുള്ളവരായിരുന്നു. ബാക്കിയുള്ളവരും അങ്ങിനെതന്നെയിരിക്കേണമെന്നായിരുന്നു അവരുടെ വിചാരം. ക്രമേണ കുട്ടികൾക്കു കളിപ്പാനായി ഒരു പൂന്തോട്ടം ആ കെട്ടിടത്തിൻെറ മുമ്പിൽ സ്ഥാപിതമായി. വളരെ പുഷ്പച്ചെടികൾ അവിടെ വെച്ചുപിടിപ്പിച്ചു. മുൻസിപ്പാലിററിക്കാർകൂടി ഈ കെട്ടിടത്തെപ്പററി വളരെ പുകഴ്ത്തിപ്പറഞ്ഞിരുന്നു. എന്നുമാത്രമല്ല അതിൻെറ മുൻവശത്തുള്ള പാതയിൽ അവർ കല്ലിട്ടുറപ്പിച്ചു വണ്ടികൾക്കു വരുവാനും പോകുവാനും വേണ്ട സൌകര്യവുമുണ്ടാക്കിക്കൊടുത്തു.

ഒരു രാജകോലകംപോലെയിരിക്കുന്ന ഈ കെട്ടിടത്തിൽ വന്നപ്പോൾ ആഭയുടെ വിസ്മയം എങ്ങിനെയാണെന്നു പറവാനസാദ്ധ്യമാണ്. സാധാരണമനുഷ്യർക്കു ണ്ണാനും കുടിക്കാനും ഉറങ്ങാനും വേണ്ട ഭവനം ഇമ്മാതിരിയെല്ലാം വേണമൊ എന്നായിരുന്നു അവളുടെ

സംശയം. അവൾ വായിച്ചിട്ടുള്ള ചില ആഖ്യായികകളിൽ നായകൻ നായികയെ ഇമ്മാതിരി ചില ഭവനങ്ങളിൽ കൂട്ടിക്കൊണ്ടുപോയി താമസിച്ചു എന്നും മററും ചില വൎണ്ണനകൾ കണ്ടിട്ടുണ്ട്. പക്ഷെ ആ സൌധങ്ങളെല്ലാം കവിയുടെ കപോലകല്പിതങ്ങളല്ലാതെ കണ്ണിന്നു ഗോചരമായി ഇങ്ങിനെ ഉണ്ടാകുമെന്ന് അവൾ സ്വപ്നേപി കരുതിയിരുന്നില്ല. അവൾക്ക് അവളുടെ നയനങ്ങളെത്തന്നെ വിശ്വാസമില്ലാതായി.

"നാം ഇനിമേൽ ഇവിടെത്തന്നെയാണൊ താമസിക്കുന്നത്?" എന്ന് അവൾ ഭൎത്താവിനോടു ചോദിച്ചു.

"പിന്നെ ഞാൻ ഇത്രയൊക്കെ പണം ചിലവാക്കിയത് ഇവിടെ ഒരു ദിവസത്തെ വാസത്തിന്നുവേണ്ടിയാണൊ? എന്താ നിനക്ക് ഈ സ്ഥലം അത്ര പിടിച്ചില്ലെ?" എന്ന് അദ്ദേഹം ചോദിച്ചു.

"പിടിക്കാതിരിക്കാനെന്താ? എൻെറ കണ്ണ് ഇതാ ഇവിടത്തെ പ്രഭകൊണ്ടു മഞ്ഞളിക്കുന്നു. ഇവിടെ ചവിട്ടുവാൻകൂടി എനിക്കു തോന്നുന്നില്ല. ഇതൊരു നാടകരംഗംപോലെ തോന്നുന്നു" എന്നവൾ പറഞ്ഞു.

അനന്തരോയി ഒന്നു പുഞ്ചിരിയിട്ടു. "നിനക്ക് ഇതെല്ലാം വേഗം പഴകും. നീ ഇതിന്നുമുമ്പു കല്ക്കത്തയിൽ വന്നിട്ടില്ല. അതാണ് എല്ലാം പുതുതായി തോന്നുന്നത്. ഇതിന്ന് ഇത്രയൊക്കെ വാടക കൊടുത്തു വാങ്ങിയതു ഞാനും നീയും തനിയെ താമസിക്കേണമെന്ന ഉദ്ദേശത്തിന്മേലായിരുന്നു. ശോബാഗനിലുള്ള എൻെറ വീട്ടിൽ നമുക്കു താമസിക്കാമായിരുന്നു. പക്ഷെ അവിടെ എൻെറ ആളുകളുള്ളതുകൊണ്ടു നിനക്കു സൌകൎയ്യമുണ്ടായിരിക്കില്ല."

അവർ പാടകക്കെടുത്ത സ്ഥലം വളരെ ഭംഗിയുള്ളതായിരുന്നു. അനന്തറോയി വളരെ പണം ചിലവുചെയ്തു് അതിൽ ആവശ്യമുള്ള ഉപകരണങ്ങളെല്ലാം ശേഖരിച്ചു. ഇമ്മാതിരി സാധനങ്ങൾ ആഭ ഇതിന്നു മുമ്പു കണ്ടിട്ടില്ലായിരുന്നു അവൾ ഓരോ സാധനവും തൊട്ടുനോക്കുകയും സ്വൎഗ്ഗത്തിന്റെ ഒരു ഭാഗം ഭൂമിയിലേക്കു വീണതാണെന്നു വിശ്വസിക്കുകയും ചെയ്തു. അവളുടെ സന്തോഷം സ്ഫുരിക്കുന്ന മുഖം കണ്ടപ്പോൾ അനന്തറോയിക്കു് അവളെ ഭാൎയ്യയായി ലഭിച്ചതിലുള്ള സന്തോഷം ദ്വിഗുണീഭവിച്ചു. പക്ഷെ അവളുടെ സാഹചൎയ്യം അനുഭവിക്കുവാൻ റോയിക്കു സൌകൎയ്യം ലഭിച്ചില്ല. വിവാഹത്തിന്നും മറ്റുമായി ഒരു മാസത്തെ അവധിയാണ് എടുത്തിരുന്നതു്. അതു കഴിഞ്ഞു തന്റെ ജോലിയിൽ പ്രവേശിക്കേണ്ടിവന്നപ്പോൾ ആഭയെ പിരിയേണ്ടിവന്നു.

പകൽമുഴുവൻ ആഭയെ തനിയെ വീട്ടിലിരുത്തുന്നതു യുക്തമല്ലല്ലോ. തനിക്കു് ഒരു കുട്ടിപ്പട്ടരും ഒരു ഭൃത്യനുമുണ്ടായിരുന്നു. പക്ഷെ ആഭക്കു വിനോദത്തിന്നും നേരം പോകാനും ഒരു സ്ത്രീകൂടി ആവശ്യമായിരുന്നു. ആഭക്കു ചെറുപ്പമാണ്. അവൾ ഒരു സുന്ദരിയുമാണ്. സൌധത്തിൽ താമസിച്ചിരുന്നവരെല്ലാം അപരിചിതന്മാരുമാണ്. അവർ പരസ്പരം അറിയാത്തവരുമായിരുന്നു. അവർ ഒരു സ്ഥലം വിട്ടു വേറൊന്നിലേക്കു പോകുന്ന പക്ഷികളെപ്പോലെ വന്നുംപോയുമിരുന്നു. കോണിപ്പടിയിൽ സകലജാതിമനുഷ്യരേയും കാണാമായിരുന്നു. അവർ അവിടെ സ്ഥിരവാസക്കാരൊ അല്ലയൊ എന്നുകൂടി ആൎക്കും അറിവില്ലായിരുന്നു.

ആഭയുടെ കൂടെ താമസിക്കുവാൻ റോയിക്കു് അടുത്തവരായി യാതൊരു സ്ത്രീയുമുണ്ടായിരുന്നില്ല. അതാ

ണ് അദ്ദേഹം ഏകദേശം മദ്ധ്യവയസ്കയായ ഒരു വൃഷളിയെ താമസിപ്പിച്ചത്. അദ്ദേഹം പുറത്തുപോകുമ്പോളെല്ലാം ആഭയോടു പലതും ഉപദേശിച്ചിരുന്നു. അവൾ ഒരിക്കലും വാതിൽ തുറക്കരുത്. വ്രാന്തയിൽ പോയി നില്ക്കരുത്. അങ്ങുമിങ്ങും പോകുന്നവരെ ഉററുനോക്കരുത്. വൃഷളിയെ കേവലം വിശ്വസിക്കരുത്. ഉച്ചയ്ക്ക് ഉറങ്ങുമ്പോൾ മുറിവാതിൽ തുറന്നിടരുത്. ഇതെല്ലാമായിരുന്നു ഉപദേശം.

ഇതൊന്നും ആഭയ്ക്ക് അത്ര രസിച്ചില്ല. "അതൊക്കെയും ശരി. സന്ധ്യവരെ ഞാനെങ്ങിനെയാണ് ഇവിടെ തനിയെ കഴിച്ചുകൂട്ടുന്നത്?" എന്ന് അവൾ ചോദിച്ചു.

"വേറെ നിവൃത്തിയില്ലല്ലൊ. വിചാരിച്ചതെല്ലാം സാധിക്കുമൊ? എന്റെ സ്വന്തം വീട്ടിലേക്കു നിന്നെ കൂട്ടികൊണ്ടുപോയിരുന്നുവെങ്കിൽ നിനക്ക് അതൊട്ടും രസിക്കില്ലായിരുന്നു. അതൊരു വലിയ കുടുംബമാണ്. രാത്രി പന്ത്രണ്ടുമണിക്കല്ലാതെ നാം തമ്മിൽ കാണുവാൻ സാധിക്കില്ല. ഇവിടെ നിനക്കു വളരെ സൌകര്യമുണ്ട്. വേറൊരു ബങ്കാളികുടുംബംകൂടി ഇവിടെയുണ്ടായിരുന്നാൽ എത്ര ഗുണമായിരുന്നു."

ഏതായാലും ആഭ സമയംപോകാതെ വളരെ കഴങ്ങി. അനന്തരോയി കുറെ ആഖ്യായികകൾ അവൾക്കു കൊണ്ടുവന്നുകൊടുത്തുവെങ്കിലും അതൊന്നും തനിയെ വായിക്കുവാൻ അവൾക്കു രസം തോന്നിയില്ല. വിനോദിനികൂടി അവിടെയുണ്ടായിരുന്നാൽ നന്നായിരുന്നു. ഒരു ആഖ്യായിക വായിച്ചു രസിക്കേണ്ടതെങ്ങിനെയെന്നു വിനോദിനിക്ക് അറിയാമായിരുന്നു. അവൾക്കുള്ള രസം ആഭയെക്കൂടി അനുഭവിപ്പിക്കുവാനും അവൾക്കറിയാം.

ആഭയ്ക്കു യാതൊരു ഗൃഹജോലിയുമില്ല. ജോലിയേക്കാൾ അധികം ഭൃത്യന്മാരുമുണ്ടായിരുന്നു. വേണമെങ്കിൽ കസേര മേശ മുതലായവ സ്ഥലംമാററിവെക്കുന്നത് ഒരു ജോലിയായേക്കാം. ഇതും നീരസമായിത്തോന്നിയാൽ പിന്നെയൊരു ജോലി തൻെറ പെട്ടി തുറന്ന് ഉടുപ്പുകളും ആഭരണങ്ങളും പുറത്തേക്കെടുക്കുകയും ഉള്ളിൽതന്നെ പിന്നെയും വെക്കുകയുമാകാം. ഈ ജോലി ഒരിക്കലും നീരസമായിത്തോന്നിയിരുന്നില്ലതാനും. എന്തൊരു സ്വത്താണ്! ഇതിൽ ചിലത് അവളുടെ അച്ഛൻപെങ്ങൾക്ക് ഒന്നു കാണിച്ചുകൊടുക്കേണമെന്ന് അവൾക്കു തോന്നി. എങ്കിലും പകൽ മുഴുവൻ ഇതൊരു ജോലിമാത്രം ചെയ്തുകൊണ്ടിരിക്കാൻ സാധിക്കുമൊ? പുതിയ വൃഷളി ഒന്നിനും കൊള്ളാത്തവളായിരുന്നു. ഉച്ചഭക്ഷണം കഴിഞ്ഞാൽ അവൾ ഒരു മൂക്കിൽ ചുരുണ്ടുകിടന്ന് ഉറങ്ങുവാൻ തുടങ്ങും. അവളായി വെടിപറയുവാൻ സാധിക്കില്ല. വീട്ടിനുള്ളിൽ എത്രതന്നെ ഇരിക്കും? അവൾ വ്രാന്തയിൽ വന്ന് അങ്ങുമിങ്ങും നടക്കുവാൻ തുടങ്ങി. ഭൃത്യന്മാരുപയോഗിച്ചിരുന്ന കോണിയുടെ സമീപം വന്നുനിന്നു മുററത്തു പണിയെടുക്കുന്നവരെ നോക്കി സമയം കഴിച്ചുതുടങ്ങി. ഇവിടെനിന്നു നോക്കിയാൽ 'പാലിററ് സൌധ'ത്തിൻെറ അകത്തു നടക്കുന്ന വർത്തമാനം സകലതും അവൾക്കു കാണാം. മുററത്തു കല്ലുപതിച്ചിരുന്നു. അവിടെ ഭൃത്യന്മാരുടേയും മോട്ടോർ ഓടിക്കുന്നവരുടേയും സങ്കേതമായിരുന്നു. അവരെല്ലാം ആഭയെ ഒന്നു നോക്കി എന്തൊ സംസാരിച്ചുതുടങ്ങും. ഈ വിനോദവും ആഭയ്ക്കു് അത്ര രസിച്ചില്ല. ഒരു ദിവസം അവൾ ഭർത്താവിനോട് ഇങ്ങിനെ ചോദിച്ചു. "എന്നെ ഇവിടെ യാതൊരാളായിട്ടും പരിചയപ്പെടുത്താത്തതെന്താണ്?

ഒരാൾക്ക് എപ്പോഴും മൌനമായി കാലം കഴിക്കാൻ പ്രയാസമാണ്. എന്നെപ്പോലെയുള്ള ഗ്രാമീണജനങ്ങൾക്ക് ഇതു പരിചയമില്ല."

അവളുടെ ഭർത്താവു പറഞ്ഞു. "ശരി, പക്ഷെ അതിന്നു സമയം എവിടെ? എനിക്കു ജോലി എത്രയുണ്ടെന്നോ. ഞാൻ അവധിയിൽപോയപ്പോൾ സകലപണിയും താറുമാറായിപ്പോയി. അതൊക്കെയും ശരിപ്പെടുത്തുകയാണിപ്പോൾ. ആട്ടെ ഉടുപ്പു മാററി വരു. നമുക്കു സിനിമക്കു പോകാം."

ആഭ ഉടുപ്പു മാററി ഭർത്താവിൻെറകൂടെ സിനിമ കാണാൻ പോയി. ഹോളിവുഡ്ഡിലെ ഒരു കഥയാണ് അന്നു കാണിച്ചത്. അത് അവളെ വല്ലാതെ വ്യാമോഹിപ്പിച്ചു. ഇത്ര ഭംഗിയും ഹൃദയാകർഷണശക്തിയും അതിന്നുണ്ടെന്ന് അവൾ അറിഞ്ഞിരുന്നില്ല. പാലിററ് സൌധത്തിൻെറ മാഹാത്മ്യംകൂടി ഇതിൻെറ അടുത്തോന്നും വരില്ല.

"ഇത്ര പണക്കാരും ശക്തിമാന്മാരുമായ മനുഷ്യരുണ്ടോ?"എന്ന് ആഭ ഭർത്താവിനോടു ചോദിച്ചു.

"എന്തുകൊണ്ട് ഇല്ല? അമേരിക്കക്കാർ മിക്കവരും പണക്കാരാണ്."

"ഇങ്ങിനെതന്നെയാണൊ അവരുടെ ജീവിതവും നടപടിയും? ഇതൊരു ആഖ്യായികപോലെയാണ് തോന്നിയത്."

"ആഖ്യായിക എന്താണ്? മനുഷ്യരുടെ ജീവിതത്തിൻെറ ഒരു ചിത്രമല്ലേ? കഥകളെല്ലാം കപോലകല്പിതങ്ങൾമാത്രമല്ല സാമുദായികജീവിതത്തെ അടിസ്ഥാനപ്പെടുത്തി എഴുതിയവയുമാണ്."

"ഇമ്മാതിരി നികൃഷ്ടജീവിതം നയിക്കുമ്പോൾ സമുദായം ഇവരെ ദുഷിക്കില്ലേ?"

റോയി ചിരിച്ചു "ബാലിശമായി സംസാരിക്കാതിരിക്ക. അവർതന്നെയല്ലേ സമുദായം? പിന്നെ കുററം പറവാനാരാണ്? നമ്മുടെ ഗ്രാമപണ്ഡിതന്മാരൊന്നും അവരെ നീക്കിനിർത്തുവാൻ അവിടെ പോകാറില്ല."

അവർ ഈ വിഷയത്തെപ്പററി ഇതിലധികം സംസാരിച്ചില്ല. ആഭയ്ക്കു രാത്രി ഉറക്കം വന്നില്ല. രാത്രി മുഴുവൻ നായകനും നായികയും കഥയിലെ കള്ളനും അവളുടെ ഓർമ്മയിൽനിന്നു പോകാതെ സംസാരിച്ചും പരസ്പരം പ്രേമിച്ചും കഴിച്ചു. അവളുടെ രക്തം തിളച്ചുതുടങ്ങി. പുലരാറാകുമ്പോൾ അവൾ ഉറങ്ങിയെങ്കിലും ഉറക്കത്തിലും അവരെ അവൾ സ്വപ്നം കണ്ടു.

അവൾ ഉണന്ന ഉടനെ ഭർത്താവിനോട് ഇങ്ങിനെ ചോദിച്ചു. "എത്ര ഭംഗിയുള്ളതാണത്. അമ്മാതിരി ചിത്രം നോക്കിക്കൊണ്ടുതന്നെ ഇരുന്നാൽ എത്ര നന്നായിരുന്നു. ഒരിക്കൽക്കൂടി എന്നെ കൂട്ടിക്കൊണ്ടുപോകുമൊ?"

ആഭ ഇക്കാര്യത്തിൽ വേണ്ടതിലധികം ദൃഷ്ടിപതിപ്പിച്ചുവെന്ന് അനന്തരോയിക്കു തോന്നി. അനന്തരോയിക്കു വയസ്സായി. ആഭ ഒരു യുവതിയുമാണ്. ലോകത്തിൽ തനിക്കു രസമായി യാതൊന്നുംതന്നെയില്ല. പക്ഷെ ആഭയ്ക്ക് ഇതൊക്കെയും പുതുതാണ്. തൻെറ ഭാര്യയുടെ ഈ ആവശ്യത്തെ നിറവേററാതിരിക്കുന്നതു യോഗ്യതയല്ലെന്നു റോയിക്കു തോന്നി. അവളുടെ മുഖം വാടിക്കാണ്മാൻ അദ്ദേഹം ആഗ്രഹിച്ചില്ല. റോയി പിന്നെ ഇങ്ങിനെ പറഞ്ഞു. "ഇന്നു വൈകുന്നേരം ഞാൻ വരുമ്പോൾ കുറെ വൈകും. നാളെ വൈകുന്നേരം ഒരു പ്രദർശനമുണ്ടാകും; അപ്പോൾ പോകാം."

ആഭയ്ക്ക് ഈ മറുപടികേട്ട് അടങ്ങേണ്ടിവന്നു. അവൾ കൂട്ടിലിട്ട പക്ഷിയെപ്പോലെ അക്ഷമയായിത്തന്നെ

കഴിച്ചുകൂട്ടി. ഉച്ചയ്ക്ക് അവൾ ജനൽ തുറന്നു കോണിയിലേക്കു നോക്കി. ഈ ജനൽ തുറക്കരുതെന്നു റോയി പ്രത്യേകിച്ചു പറഞ്ഞിട്ടുണ്ടായിരുന്നു. അതിൽകൂടി പലരും പോക്കുവരവുണ്ടായിരുന്നതുകൊണ്ടു ചെറുപ്പക്കാരത്തികൾക്ക് അവിടെ നോക്കുന്നതു നന്നല്ല. പക്ഷെ ആരുടേയോ ഒരു വിളി അവളെ ഇതു ചെയ്വാൻ പ്രേരിപ്പിച്ചു.

ഒരു ഇംഗ്ലീഷുകാരനും രണ്ടു മദാമ്മമാരും കോണിയിറങ്ങിപ്പോകുകയായിരുന്നു. അയാൾ അങ്ങുമിങ്ങും നോക്കാതെ ഇറങ്ങി. മദാമ്മമാരിൽ ഒരുവൾ ചെറുപ്പക്കാരിയായിരുന്നു. അവൾ ഇറങ്ങിപ്പോകുമ്പോൾ ആഭയെ ഉററുനോക്കിയിരുന്നു.

പിന്നെ കണ്ടതു കോണി കയറിവരുന്ന ഒരു ചെറുപ്പക്കാരനെയായിരുന്നു. അവൻെറ ഉടുപ്പു വളരെ ഭംഗിയുള്ളതായിരുന്നു. അവൻെറ കണ്ണിന്നു വിശേഷവിധിയായ ഒരു ശക്തിയുണ്ടായിരുന്നു. ആഭ നിന്നേടത്തുനിന്നു കുറെ പിന്നോക്കം മാറി; എങ്കിലും അധികം അങ്ങിനെ നിന്നില്ല. അവൾ മുന്നോട്ടുതന്നെ വന്നു പിന്നെയും എത്തിനോക്കി. അയാൾ പതുക്കെ കയറിയിരുന്നതുകൊണ്ട് ഇപ്പോഴും കോണിയിന്മേൽതന്നെയുണ്ടായിരുന്നു. ആഭ പിന്നെയും തന്നെ നോക്കുമെന്ന് അവൻ വിചാരിച്ചിരുന്നുവൊ? അങ്ങിനെയല്ലെങ്കിൽ അത്ര ദൂരത്തുനിന്ന് അവൻ പിന്നോക്കം നോക്കുന്നത് എന്തിന്നാണ്? അവൻ ചെയ്തത് അവിവേകമായില്ലേ? അവൻ 'ഒരു മാതിരി'ക്കാരനാണ്, നിശ്ചയം. എങ്കിലും എന്തൊരു സുന്ദരൻ! ലോകത്തെ ജയിക്കാൻ ശക്തിയുള്ളവനെപ്പോലെയല്ലേ ഇരിക്കുന്നത്!

അവൾ കുറെ നേരം ജനലിൻെറ സമീപം നിന്നപ്പോൾ അവൾക്ക് ഒരു ഭയം തോന്നി. വേറെ ചിലരും

കോണികയറിവരുന്നത് അവൾ കണ്ടു. ആരാണെന്ന് ആൎക്കറിയാം? ഇനി അങ്ങോട്ടു നോക്കുന്നതു ശരിയല്ലെന്നു തോന്നി അവൾ ജനാല അടച്ചു. വൃഷളിയെ ഒന്നുണൎത്താൻ ശ്രമിച്ചു എങ്കിലും അവൾ കണ്ണു മിഴിച്ചൊന്നു നോക്കി പിന്നെയും ചരിഞ്ഞുകിടന്നു കുംഭകൎണ്ണസേവ തുടൎന്നു.

അനന്തറോയി വന്നപ്പോൾ അവൾ ഇങ്ങിനെ പറഞ്ഞു. "എനിക്ക് ഇംഗ്ലീഷു പഠിക്കേണമെന്നുണ്ട്. എന്നാൽ ആഖ്യായികകൾ വായിക്കുകയും മദാമ്മമാരോടു സംസാരിക്കുകയും ചെയ്യാമായിരുന്നു."

"എന്നാൽ എന്തുകൊണ്ടു പഠിച്ചില്ല. അമ്മയുടെ കൂടെ കുറെക്കാലം താമസിച്ചില്ലേ?" എന്ന് അദ്ദേഹം ചോദിച്ചു.

ഇതു കേട്ടപ്പോൾ ആഭ ചുണ്ടു വീൎപ്പിച്ചുകൊണ്ടു പറഞ്ഞു. "ഗ്രാമവാസികളെല്ലാം അവരുടെ പെൺകുട്ടികളെ ഇംഗ്ലീഷു പഠിപ്പിക്കാറുണ്ടോ? ബങ്കാളി പഠിച്ചതുതന്നെ എത്ര ഭാഗ്യം?"

"എന്നാൽ അതു മതി. എനിക്കുതന്നെ ഇംഗ്ലീഷു നല്ലവണ്ണം അറിഞ്ഞുകൂട. നിനക്ക് അതു പഠിക്കേണ്ട. നമ്മുടെ സ്ത്രീകൾക്ക് ഉയൎന്നതരം വിദ്യാഭ്യാസം ആവശ്യമില്ല. അങ്ങിനെയുള്ളവർ വീട്ടുജോലി നടത്താതെ പുറത്തിറങ്ങി നടക്കും" എന്നു റോയി പറഞ്ഞു.

ആഭയ്ക്കു് ഉന്നതവിദ്യാഭ്യാസം ലഭിച്ചിരുന്നില്ലെങ്കിലും വീട്ടുജോലികളിൽ വൈമനസ്യം കാണിച്ചുതുടങ്ങിയിരുന്നു. ഇതിനെപ്പററി തൻെറ ഭൎത്താവിനോടു യാതൊന്നും അവൾ പറഞ്ഞതുമില്ല. അവൾക്കു വസ്ത്രങ്ങളിലും ആഭരണങ്ങളിലുമുണ്ടായിരുന്ന പ്രേമം ചോൎന്നുതുടങ്ങി. ആഭയ്ക്കു് എന്തുകൊണ്ടാണ് യാതൊരു പണിയുമി

ല്ലാത്തത്? ഒരാൾ ഇങ്ങിനെ എത്രദിവസം തന്നെ കഴിച്ചുകൂട്ടും? അവളുടെ അച്ഛൻെറ വീട്ടിലും ഗൃഹജോലിയൊന്നും വിശേഷിച്ചുണ്ടായിരുന്നില്ലെങ്കിലും അവിടെ ചങ്ങാതിമാർ ഉണ്ടായിരുന്നു. പിന്നെ പാഠശാലയിലും ഉണ്ടായിരുന്നു. പോരെങ്കിൽ സ്വാതന്ത്ര്യവുമുണ്ടായിരുന്നു തൻെറ കൂടിൻെറ അഴികൾ സ്വർണ്ണമായിരുന്നാലും അവ തൻെറ ഹൃദയത്തെ വ്രണപ്പെടുത്തി.

സിനിമയ്ക്കു പോകുവാൻ കാലെക്കൂട്ടി അവൾ വസ്ത്രം ധരിച്ചു സന്നദ്ധയായിരുന്നു. കോണിയിൽ കാൽപെരുമാററം കേൾക്കുമ്പോളൊക്കെയും അവൾ എത്തിനോക്കിക്കൊണ്ട് അക്ഷമയായി കഴിച്ചുകൂട്ടി. "ഒരുത്തനെത്തന്നെ നിനച്ചിരുന്നാൽ വരുന്നതെല്ലാമവനെന്നു തോന്നും" കോണി കയറിവരുന്നവരും ഇറങ്ങുന്നവരും അവളെ ഉററുനോക്കിയിരുന്നു. ഒന്നുരണ്ടു പ്രാവശ്യം അവൾ പിന്നോക്കം നീങ്ങിനിന്നു; എങ്കിലും പിന്നേയും മുന്നോട്ടുതന്നെ ചെന്നുനിന്നു. അതാ രണ്ടു യുവാക്കന്മാർ വരുന്നു. ഒരുത്തൻ ഒരു ബങ്കാളിയും മറേറവൻ ഒരു വിദേശിയുമാണ്. എങ്കിലും എന്തൊരു സുന്ദരൻ! പുരാതനകഥകളിലെ ഒരു നായകനാണെന്ന് അവനെ കണ്ടാൽ തോന്നും. വളരെ പുരുഷന്മാർ വിരൂപികളായതെന്തുകൊണ്ടാണ്? അവളുടെ ഭർത്താവിനെത്തന്നെ നോക്കുക. ആഭയുടെ ഭർത്താവാകാനുള്ള യോഗ്യത അദ്ദേഹത്തിനുണ്ടോ? അതില്ല; പക്ഷെ പണമുണ്ട്. ആഭയ്ക്കു കുറെ വെറുപ്പു തോന്നി.

ആ രണ്ടു യുവാക്കന്മാരും ആഭയെ ഉററുനോക്കി. അവർ വളരെ പതുക്കെയാണ് കോണി കയറിയത്. ഓരോ പടി കയറുമ്പോളും അവർ തിരിഞ്ഞുനോക്കിയി

രുന്നു. അവർ തന്നെപ്പററിയാണ് സംസാരിക്കുന്നതെന്ന് ആഭയ്ക്കു നിശ്ചയമുണ്ടായിരുന്നു. എങ്കിലും ജനലിൻെറ സമീപത്തുനിന്ന് അവൾ മാറിയില്ല. ആ വിദേശി, സിനിമയിൽ കണ്ട നായകനേക്കാൾ എത്രയോ അധികം സുന്ദരനല്ലയൊ?

അനന്തരറോയി ഒരുവിധം വന്നുചേന്നു. അദ്ദേഹത്തിന്ന് അവളുടെ നില്പ് അത്ര രസിച്ചില്ല. "കോണി നോക്കിക്കൊണ്ടുനില്ക്കുന്നതെന്താണ്? ജനങ്ങൾ വന്നും പോയും ഇരിക്കുന്നുവല്ലൊ" എന്നു റോയി ചോദിച്ചു.

"ഞാൻ നിങ്ങളെ കാത്തുകൊണ്ടു നില്ക്കുകയായിരുന്നു" എന്ന് അവൾ മറുപടി പറഞ്ഞപ്പോൾ വയസ്സനായ ഭത്താവിന്നു സന്തോഷമായി. യുവതിയായ തൻെറ ഭായ്യ തന്നെ സ്നേഹിക്കുന്നുണ്ടെന്നു ബോദ്ധ്യമായി. പിന്നെ അവർ തമ്മിൽ യാതൊന്നും സംസാരിക്കാതെ സിനിമയ്ക്കു പോയി.

പിറെറന്നു ഞായറാഴ്ചയായിരുന്നു. അന്നു മുഴുവൻ തൻെറ ഭത്താവിൻെറ സാഹചയ്യം ആഭയ്ക്കു കിട്ടി. പക്ഷെ യാതൊരു വികാരവും കൂടാതെ ഉന്മേഷരഹിതയായിത്തന്നെയാണ് ആഭ കഴിച്ചുകൂട്ടിയത്. അവൾ ഒരിക്കൽ ഇങ്ങിനെ ചോദിച്ചു. "നമുക്ക് എന്തിനാണ് ഇത്രയൊക്കെ ഭൃത്യന്മാർ? നാം രണ്ടുപേരല്ലെയുള്ളു?"

അനന്തരറോയി പണം ചിലവാക്കിയത് ആഭയെ സന്തോഷിപ്പിക്കാനായിരുന്നു. തൻെറ ശ്രമം നിഷ്ഫലമായെന്നു കണ്ടപ്പോൾ അദ്ദേഹത്തിന്നു ദേഷ്യംവന്നു. "നിനക്കു ഭൃത്യന്മാർ പുതുതായിത്തോന്നും. കുറെദിവസം അവരെ പരീക്ഷിക്കരുതെ?" എന്നു റോയി ചോദിച്ചു.

ആഭ മറുപടി യാതൊന്നും പറഞ്ഞില്ല. അവൾക്കും കോപം ജനിച്ചു. അവളുടെ ഭത്താവിന്നു പണമു

ണ്ടെങ്കിൽ അവൾക്കും ചിലതൊക്കെയുമുണ്ട്. അവളുടെ സൌന്ദര്യം അനന്യസാധാരണമല്ലയൊ? ഏതു ബങ്കാളികുടുംബത്തിലാണ് ഇമ്മാതിരി ഒരു ദീപമുള്ളത്? അവളെ ഒന്നു കാണാൻ തരംവന്ന പുരുഷന്മാരെല്ലാം ഒരിക്കൽകൂടി അവളെ നോക്കാതിരിക്കില്ല. ഇതെന്താ നിസ്സാരമാണൊ? തൻെറ ഭർത്താവു സൌന്ദര്യത്തിൻെറ ഗുണം അറിയില്ലെങ്കിലും ബാക്കിയുള്ളവക്ക് അതു നല്ലവണ്ണം അറിയാം.

പിറെറന്ന് അവൾ തനിയെയായി. ഉച്ചഭക്ഷണം കഴിഞ്ഞയുടനെ അവൾ ജനലിൻെറ അട്ക്കൽ വന്നിരുന്നു. അവിടെയിരുന്നു വൈകുന്നേരംവരെ വന്നും പോയുമിരിക്കുന്നവരെ നോക്കിക്കൊണ്ടു സമയം കഴിക്കാൻ അവൾ തീച്ച്യാക്കി. അവൾ നല്ല ഉടപ്പും ആഭരണങ്ങളും ധരിച്ചിരുന്നു. വളരെ ജനങ്ങൾവന്നും പോയുംകൊണ്ടിരുന്നു. അതാ അവളുടെ ഹൃദയം തുടിച്ചുതുടങ്ങി. അതാ അവർതന്നെയാണ് കയറിവരുന്നത്. ആ സുന്ദരയുവാവ് അവളെത്തന്നെ നോക്കുന്നു. അങ്ങിനെ ഉററുനോക്കുവാൻ കാരണമെന്താണ്? അവളെ വശീകരിക്കാനാണൊ?

അവർ കയറി ആഭയുടെ ജനലിൻെറ അരികിൽ വന്നുനിന്നു. അവക്കെന്താണ് വേണ്ടത്? ആഭയ്ക്ക് അവിടെനിന്നു പോകേണമെന്നുണ്ടായിരുന്നു. പക്ഷെ അവിടെനിന്ന് ഇളകുവാൻ സാധിച്ചില്ല. എന്തൊ ഒരു ശക്തി അവളെ ഇളകാതെ നിത്തി.

"ഇവിടെയാണൊ രാമേശ്വരബാബു താമസിക്കുന്നത്?" എന്ന് ആ ബങ്കാളിയുവാവു ചോദിച്ചു.

ആഭയ്ക്കു സംസാരിക്കാൻ സാധിച്ചില്ല. "അല്ല" എന്നു തലയാട്ടി മറുപടി അറിയിച്ചു. എങ്കിലും അവർ

അവിടെത്തന്നെ നിന്നു. മറ്റെ യുവാവ് അവളുടെ രൂപാമൃതത്തെ പാനംചെയ്തുകൊണ്ടു നില്ക്കുകയായിരുന്നു. അവർ താഴ്ന്നസ്വരത്തിൽ എന്തൊ സംസാരിച്ചു. പിന്നെ ആ ബങ്കാളി ചോദിച്ചു. "അദ്ദേഹം 'പാലിററ് സൌധ'ത്തിലല്ലെ താമസിക്കുന്നത്?"

"എനിക്കറിവില്ല" എന്ന് ആഭ ഒരുമാതിരി മറുപടി പറഞ്ഞു. അപ്പോൾ വേറെ ചിലരും കോണിൻകയറി വരുന്നുണ്ടായിരുന്നു. അവർ രണ്ടുപേരും കീഴ്പോട്ടു നോക്കി മുകളിലേക്കുതന്നെ കയറിത്തുടങ്ങി.

അനന്തരോയി മടങ്ങുമ്പോൾ കുറെ വൈകിയിരുന്നു. ആഭയുടെ ഭ്രമവും അക്ഷമതയും കണ്ടപ്പോൾ അദ്ദേഹത്തിന്ന് ആശ്ചര്യം തോന്നി. പിന്നെ ചോദിച്ചു. "നിനക്കെന്താ വല്ല സുഖക്കേടുമുണ്ടൊ?"

"എനിക്കെന്തിനാ സുഖക്കേട്?" എന്ന് അവൾ കോപഭാവത്തിൽ മറുപടി പറഞ്ഞു. ഇതാണ് അവർ തമ്മിലുള്ള സ്വരച്ചേർച്ച്യില്ലായ്മയുടെ നാന്ദി.

ചൊവ്വാഴ്ച അനന്തരോയി തൻെറ സാധാരണ പതിവുവിട്ടു കുറെ നേരത്തെത്തന്നെ ആപ്പീസ്സിലേക്കുപോയി. വീട്ടിൽ എങ്ങും ഒരു നിശ്ശബ്ദത വ്യാപിച്ചിരുന്നു. ആഭ ഒരു ചുകന്ന പട്ടുടുത്ത് ആഭരണങ്ങൾ അണിഞ്ഞു ജനലിൻെറ അടുത്തു ചെന്നിരുന്നു. അയാൾ വരുമെന്ന് അവൾക്കറിയാമായിരുന്നു. അവൻെറ നോട്ടം അവളോട് അങ്ങിനെ പറഞ്ഞിരുന്നു. മണിക്കൂർ ഒന്നുരണ്ടു കഴിഞ്ഞു. എല്ലാവരും അവനവൻെറ ജോലിക്കു പോയി. ഭൃത്യന്മാർ ഉച്ചനേരത്തെ വിശ്രമത്തിന്നും പോയി. കോണിയിൽ ആരുമില്ല. അതാ അയാൾ വരുന്നു. അവൻ തനിയേതന്നെ. അവളുടെ ഹൃദയം അവൻ എങ്ങിനെ അറിഞ്ഞു?

അയാൾ അവളുടെ വാതില്ക്കൽ വന്നുനിന്നു. അവന്റെ മുഖത്ത് ഒരു പുഞ്ചിരി തിളങ്ങിയിരുന്നു. അവൻ അവളുടെ ദൃഷ്ടികൾ ഉററുനോക്കി. വാതില്ക്കൽ ഒന്നു മുട്ടി. അതാ വാതിൽ മെല്ലെ തുറന്നു.

ഒരു മണിയിട കഴിഞ്ഞപ്പോൾ അനന്തരോയി വീട്ടിലേക്കു ബദ്ധപ്പെട്ടുവന്നു. ടെലിഫോൺവഴിക്ക് ഒരു വിവരം അറിയിച്ചതുകൊണ്ടാണ് അദ്ദേഹം വന്നത്.

'ആഭ' ബോധരഹിതയായി വാതില്ക്കൽ കിടന്നിരുന്നു. അവളുടെ ആ ഭംഗിയുള്ള കഴുത്തിൽ നഖം പൂന്തിയ അടയാളങ്ങളുണ്ടായിരുന്നു. ആഭരണങ്ങളെല്ലാം പോയി. വൃഷളി കരഞ്ഞുകൊണ്ട് അവളുടെ ചാരത്ത് ഇരിക്കുന്നു. കോണിയിന്മേൽ ജനക്കൂട്ടവും കൂടിയിരുന്നു.

ഇ. ഐ. പങ്കിയച്ചൻ ബി. എ., എൽ. ടി.

## ഭർത്തൃഭക്തയായ രാജ്ഞി

മുഗൾസാമ്രാജ്യത്തിന്നധിപതിയായിരുന്ന ഷാജിഹാൻ തന്റെ പട്ടമഹിഷി മമ്മത് സമഹാളിന്റെ ഒടുവിലത്തെ ആത്മാർത്ഥത്തോടുകൂടിയുണ്ടായ അഭിലാഷം നിറവേററുവാൻവേണ്ടി പത്നിയുടെ ശവകുടീരത്തിന്നുമേലെ കെട്ടിയുണ്ടാക്കിയതാണല്ലൊ ആഗ്രാ പട്ടണത്തിലെ വിശ്വവിശ്രുതമായ ടാജ്മഹാൾ. എന്നാൽ അതുപോലെ തന്റെ ഭർത്താവിന്റെ സ്മരണയേയും നിലനിർത്തുവാനായി ഒരു രാജ്ഞിയാൽ സ്ഥാപിക്കപ്പെട്ട ഒരു അത്ഭുതാവഹമായ ഹർമ്മ്യത്തിന്റെ ചരിത്രസംക്ഷേപമാണ് താഴെ പറയുന്നത്.

ഏഷ്യാമൈനറിന്റെ തെക്കുകിഴക്കററത്തു ബഡ്രം എന്നു പേരായ ഒരു ചെറുനഗരമുണ്ട്. ഈ നഗരം ഏതാനും ശതാബ്ദങ്ങൾക്കു മുമ്പു കെരിയാ എന്ന ഒരു ചെറിയ രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു. ഇതു ക്രിസ്തുവർഷത്തിന്ന് ഏതാണ്ടു നാലാം ശതകത്തിൽ മൌസൊലസ് എന്ന ഒരു രാജാവു ഭരിച്ചുകൊണ്ടിരുന്നു. അന്ന് ഇതിന്റെ പേർ ഹാലിക്കർനാസസ്സ് എന്നായിരുന്നു. ക്രി. മു. ൩൫൩-ൽ ഈ രാജാവു പരലോകപ്രാപ്തനായി. ഇദ്ദേഹത്തിന്റെ പത്നിയായ ആർടിമിഷ്യ എന്ന രാജ്ഞി ഭർത്തൃവിയോഗത്താൽ അത്യന്തം ദുഃഖിതയായിത്തീൎന്നു. തന്റെ ഈ കഠിനദുഃഖശമനത്തിന്നായും ഭൎത്താവിന്റെ സ്മരണയെ നിലനിൎത്തുവാനായും ഒരു സ്മാരകസ്ഥാപനം ഉണ്ടാക്കുവാൻ അവൾ തീരുമാനിച്ചു. അത് അക്കാലത്തുള്ള സ്മാരകങ്ങളിൽവെച്ച് ഏററവും കേമമായിരിക്കണമെന്നു വിചാരിച്ചു ഗ്രീസിലെ ശില്പിവൎയ്യന്മാരെ വരുത്തി ഇതിന്നു വേണ്ടി നിയോഗിച്ചു. ഇതിൽ വിഖ്യാതനായിരുന്നതു സ്കോപാസ്സ് എന്ന ശില്പിശ്രേഷ്ഠനായിരുന്നു. ഈ സ്മാരകം പൂൎത്തിയാകുന്നതുവരെ ആർടിമിഷ്യാ ജീവിച്ചിരിക്കയുണ്ടായില്ല; എങ്കിലും ശില്പിശ്രേഷ്ഠന്മാർ ഇതിന്റെ പണി പൂൎത്തിയാക്കി ഇതിന്നു 'മൌസൊലസ്സ്' എന്നു നാമകരണം ചെയ്തു.

ഇതു മുപ്പത്താറു തൂണുകളിന്മേലായി പല തട്ടുകളായി നൂററിനാല്പതടി ഉയരത്തിൽ പണിചെയ്തതായിരുന്നു. നാലു കുതിരകൾ പൂട്ടിയ ഒരു രഥത്തിൽ മൌസൊലസ്സും ആർടിമിഷ്യയും സ്ഥിതിചെയ്യുന്ന രീതിയിൽ ഉപരിഭാഗത്ത് ഇതിന്മേൽ ചിത്രണംചെയ്തിരുന്നു. അടിയിലത്തെ നിലയിലാണ് രാജാവിന്റെ ശവശരീരം

സ്ഥാപിച്ചിരുന്നത്. ഈ രാജാവിൻെറ കാലത്തുള്ള ചില നാണയങ്ങളും ചരിത്രകാരന്മാൎക്ക് കാണ്മാൻ സാധിച്ചിട്ടുണ്ട്. ഇത് ആകപ്പാടെ ആകാശത്തിൽ നീന്തിക്കളിക്കുന്ന ഒരു രഥംപോലെയാണത്രെ കാണികൾക്കു തോന്നിയിരുന്നത്.

ഈ അത്ഭുതകുടീരം ക്രിസ്തുവൎഷം പന്ത്രണ്ടാം ശതാബ്ദംവരെ നിലനിന്നിരുന്നു. ഒടുവിൽ പതിനഞ്ചാം ശതാബ്ദത്തിൽ സെൻറ്പിറേറഴ്സ്ബൎഗ്ഗ്പട്ടണം നന്നാക്കുവാൻവേണ്ടി ചിലർ മൌസൊലിയത്തിൽനിന്നു മാർബിൾ പൊളിച്ചു കുമ്മായമുണ്ടാക്കുവാൻ ദുരുപയോഗപ്പെടുത്തുകയും ൧൫൨൨-ൽ ഇതു നാമാവശേഷമായിത്തീരുകയും ചെയ്തു. ഇതു പതിനെട്ടു ശതവൎഷങ്ങളോളം കേടുകൂടാതെ നിലനിന്നിരുന്നു. ഇതിൻെറ അവശിഷ്ടങ്ങൾ, ലഭിച്ചിട്ടുള്ളതു ബ്രിട്ടീഷ്മ്യൂസിയത്തിൽ ഇന്നും സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

എം. കെ. നെടുങ്ങാടി.

# പുസ്തകാഭിപ്രായം

## ഈശോപനിഷത്ത് (പ്രഥമസമ്പുടം)

### ഈശാവാസ്യം

മറുതീരം കാണാനോ പ്രാപിക്കുവാനോ സാധിക്കാത്തതായ മഹാബ്ധിപോലെ കിടക്കുന്ന വേദങ്ങളിലെ അനൎഘരത്നങ്ങളാണ് ഉപനിഷത്തുകൾ. ഗീതയുടെ മൂലംതന്നെ ഉപനിഷത്തുകളാണെന്നു പറഞ്ഞാൽ പിന്നെ അവയുടെ മാഹാത്മ്യങ്ങൾ പറയേണ്ടതില്ലല്ലൊ. ഉപ=സമീപത്തിൽ, നി=താഴെ, സദ്=ഇരിക്കുക എന്നാണ് ഉപനിഷത്ത് എന്ന വാക്കിൻെറ വിഗ്രഹാൎത്ഥം. (ഉപദേശം വാങ്ങുന്നതിനായി ശിഷ്യൻ ഗുരുവിൻെറ സ

മീപത്തുചെന്നിരിക്കുക) വേദാന്തം രഹസ്യം ശ്രുതിശിരസ്സ് എന്നീ നാമധേയങ്ങൾ ഉപനിഷത്തുകൾക്കുള്ളത് അന്വൎത്ഥങ്ങളാണെന്ന് അവയിൽ മനസ്സഞ്ചാരക്രിയ നടത്തുന്ന ബുദ്ധിമാന്മാൎക്കറിയാവുന്നതാണ്.

വേദം അനാദിയാകുന്നു. പുരുഷാൎത്ഥങ്ങൾക്കെല്ലാം സാധനഭൂതമായും പതിന്നാലു വിദ്യകൾക്കും അറുപത്തിനാലു കലകൾക്കും മൂലഭൂതമായുമിരിക്കുന്ന വേദങ്ങളെ പരമാത്മാവായിരിക്കുന്ന ഭഗവാൻ ബ്രഹ്മാവിനെ ഉപദേശിച്ചു. ശിഷ്യപ്രശിഷ്യാദിപരമ്പരയാ അദ്ദേഹം വേദങ്ങൾ സൎവ്വത്ര പ്രചാരമാക്കിത്തീൎത്തു. ശ്രീവേദവ്യാസമഹൎഷി വേദത്തെ നാലായി വിഭാഗിച്ചു തന്റെ ശിഷ്യന്മാർ നാൽവൎക്കും ഉപദേശിച്ചു. അവർ അവരുടെ സംഹിതകളെ ശിഷ്യന്മാരെ പഠിപ്പിച്ചു. ഇന്നു കാണുന്ന ചതുൎവ്വേദങ്ങളുടെ ഉത്ഭവം ഇങ്ങിനെയാണ്.

മന്ത്രം ബ്രാഹ്മണം ആരണ്യകം ഇങ്ങിനെ മൂന്നു ഭാഗങ്ങളാണ് വേദങ്ങളിൽ അടങ്ങിയിരിക്കുന്നത്. ഇവയെ കൎമ്മകാണ്ഡമെന്നും ജ്ഞാനകാണ്ഡമെന്നും രണ്ടായി വിഭജിച്ചിരിക്കുന്നു. ഉപനിഷത്തുകളിൽ മിക്കവയും ജ്ഞാനകാണ്ഡമായ ആരണ്യകത്തിൽ പെട്ടവയാകുന്നു.

ദശോപനിഷത്തുകളിൽ പെട്ടും പെടാതെയുമിരിക്കുന്നതാണ് ഈശാവാസ്യം. മററുപനിഷത്തുകളിലേക്കു കയറാനുള്ള കോണിപ്പടിയാണതെന്നു പറയാവുന്നതാണ്. യജുൎവ്വേദത്തിലെ നാല്പതാമദ്ധ്യായമാണ് ഈശാവാസ്യം. ഈ വാക്കിന്റെ അൎത്ഥംതന്നെ ഈട്ടിനാൽ=പരമേശ്വരനാൽ, വാസ്യം=ആച്ഛാദനീയം, വ്യാപ്തം എന്നാകുന്നു.

'ഈശകേനകഠപ്രശ്നമുണ്ഡമാണ്ഡൂക്യതിത്തിരഃ
ഐതരേയം ച ഛാന്ദോഗ്യം ബൃഹദാരണ്യകം. തഥാ'

എന്നൊരു ശ്ലോകം കേട്ടിട്ടുണ്ട്. എങ്ങിനെയായാലും ഉപനിഷത്തുകളിൽ ഈശാവാസ്യത്തിന്നാണ് അഗ്രിമസ്ഥാനം എന്ന് ഇനി വിശിഷ്യ പറയേണ്ടതില്ലല്ലൊ. ഒരു സായ്പ് ഇരുനൂററിമുപ്പത്തഞ്ച് ഉപനിഷത്തുകൾ കണ്ടെത്തിയതായി പറയുന്നുണ്ട്. ഇനി എത്ര കണ്ടുപിടിക്കുമെന്നു കണ്ടിട്ടുതന്നെ തീൎച്ചയാക്കേണ്ടതാണ്. ഈശാവാസ്യം കൂടാതെയുള്ള പത്തുപനിഷത്തുകളുടെ പേരുകൾ താഴെ ചേൎക്കുന്നു:—

| | | | |
|---|---|---|---|
| ൧. | ബൃഹദാരണ്യം | ൬. | ശ്വേതാശ്വതരം |
| ൨. | ഛാന്ദോഗ്യം | ൭. | പ്രശ്നം |
| ൩. | തൈത്തരീയം | ൮. | കഠം |
| ൪. | ഐതരേയം | ൯. | മാണ്ഡൂക്യം |
| ൫. | മുണ്ഡകം | ൧൦. | കേനം |

ബാക്കിയുള്ളവ ചില വികൃതികളുടെ കുസൃതികളാണെന്നു മലയാളത്തിൽ മാത്രം നടപ്പുള്ള കേരളമാഹാത്മ്യം 'ശാങ്കരസ്മൃതി' മുതലായവ വായിച്ചിട്ടുള്ളവൎക്കറിയാമല്ലൊ.

എടുത്താലൊടുങ്ങാത്ത നിധികളാണ് ദശോപനിഷത്തുകളെന്ന് അദ്വൈതമതസ്ഥാപകനായ മലയാളി ശങ്കരാചാൎയ്യസ്വാമികളും വിശിഷ്ടാദ്വൈതമതസ്ഥാപകനായ രാമാനുജാചാൎയ്യരും ദ്വൈതസിദ്ധാന്തത്തെ സ്ഥാപിച്ചിട്ടുള്ള മാധ്വാചാൎയ്യരും അവരവരുടെ മതങ്ങൾക്കു വിഘാതം വരാതെ വ്യാഖ്യാനിച്ചിട്ടുള്ളതിൽനിന്നറിയാമല്ലൊ. ഏതു മതക്കാൎക്കും സ്വസ്വമതം സ്ഥാപിക്കാൻ ദശോപനിഷത്തുകൾമാത്രം മതിയാവുന്നതാണ്. ജിജ്ഞാസുക്കളല്ലാത്തവരോട് എത്ര പരത്തിപ്പറഞ്ഞാലും അവൎക്ക് ഈ വേദാമൃതം ആസ്വദിക്കാൻ ശ

ക്തിയുണ്ടാകുന്നതല്ലാത്തതിനാൽ ഇനി വിസ്തരിക്കാൻ ഞങ്ങൾ വിചാരിക്കുന്നില്ല.

ദശോപനിഷത്തുകളെ തൊട്ടു ശുദ്ധം മാററിയവർ മലയാളത്തിൽ പലരും ഉണ്ടു്. പാശ്ചാത്യന്മാരിലും ഇല്ലെന്നില്ല. ആരെന്തുചെയ്താലും മൂലത്തിൻെറ മാഹാത്മ്യത്തിന്നൊരിടിവും ഇതുവരെ വരുത്തുവാൻ ആക്കും സാധിച്ചിട്ടില്ല; സാധിക്കയുമില്ല. എന്നാൽ ഭഗവദ്ഗീതാവ്യാഖ്യാനത്താലും മററും മലയാളികളുടെ പ്രീതിക്കും പ്രശംസക്കും പാത്രമായ ഡോക്ടർ എൽ. എ. രവിവമ്മ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു പ്രഥമസമ്പുടമായി വ്യാഖ്യാനിച്ചിരിക്കുന്നതാണ് ഞങ്ങളുടെ മുമ്പിലിരിക്കുന്ന ഈശാവാസ്യം.

വായനക്കാക്ക് ആവേശം ജനിപ്പിക്കുന്നതായ ആമുഖം ശരീരത്തിന്നുത്തമാംഗമെന്നപോലെയായിത്തിന്നിരിക്കുന്നു. അതിൻെറ അവസാനത്തിൽ വ്യാഖ്യാതാവ് അനുഭവജ്ഞനെന്നപോലെ ഇപ്രകാരം പറയുന്നു. 'നിത്യവും നിരതിശയവുമായ സുഖമിച്ഛിക്കുന്നുവെങ്കിൽ— അതിനിച്ഛയില്ലാത്തവരാരുണ്ട്? അവർ വേദാന്തപാഠത്തിൽ നിദിധ്യാസസഹിതമായ അഭ്യാസത്തിൽ,യത്നിക്കുന്നവരായിത്തന്നെ തീരണം. അങ്ങിനെ യത്നിക്കുന്നവൻ നിശ്ചയമായും വിചാരിക്കുന്നതിലും വേഗം ഉദ്ദിഷ്ടസ്ഥാനം പ്രാപിച്ചാനന്ദനിമഗ്നനായി ലോകാനുഗ്രഹിയായിത്തീരും; സംശയിക്കേണ്ട.' സാമാന്യത്തിലധികം ബുദ്ധിസംസ്കാരം സിദ്ധിക്കാത്തവക്ക് ഇങ്ങിനെ പറവാൻ ധൈര്യമുണ്ടാകുന്നതല്ല. ഈ ഉപനിഷത്തിൽ പതിനെട്ടു മന്ത്രങ്ങളാണ് അടങ്ങിയിരിക്കുന്നത്. മണ്ഡപത്തിലിരുന്ന് ഓത്തു ചൊല്ലുന്നതു നായന്മാർ മുതലായവർ കേട്ടാൽ അവക്കു ഭ്രാന്തുപിടിക്കും; ചെകിടടക്കും എന്നെല്ലാം പറയുന്ന കൂട്ടർ ഇന്നും സനാതനികളുടെ സം

ഷത്തിൽ ധാരാളം കാണാം. എങ്കിലും ഇത്രയെങ്കിലും ആയല്ലോ എന്ന സന്തോഷത്താൽ ഒന്നാമത്തെ മന്ത്രം ഇവിടെ ചേൎത്തുകൊള്ളട്ടെ!—

"ഈശാവാസ്യമിദം സൎവ്വം യൽ കിഞ്ച ജഗത്യാം ജഗൽ തേന ത്യക്തേന ഭുഞ്ജീഥാ മാഗൃധഃ കസ്യസ്വിദ്ധനം."

ഇതിൽ അടങ്ങിയിരിക്കുന്ന തത്വങ്ങൾ അസംഖ്യങ്ങളാകയാൽ അവയെ മനനംചെയ്തു മനസ്സിലാക്കേണ്ടതാകുന്നു. ബുദ്ധിശക്തി കുറവായിട്ടുള്ളവർ ഉപനിഷത്തുകൾ പഠിക്കുകയൊ അവരെ പഠിപ്പിക്കുകയൊ ചെയ്യരുതെന്നു ചില ഉപനിഷത്തുകളിൽ പറഞ്ഞുകാണുന്നുണ്ട്. അതിനാലായിരിക്കാം രഹസ്യം എന്ന അപരനാമധേയം ഉപനിഷത്തിന്നു സിദ്ധിച്ചത്. മന്ത്രങ്ങളുടെ ആന്തരാൎത്ഥം മനസ്സിലാക്കുവാനുള്ള വ്യാഖ്യാതാവിന്റെ പരിശ്രമം സൎവ്വത്ര ഫലിച്ചിരിക്കുന്നു. പണ്ടൊരുവിദ്വാൻ ഉപനിഷത്തുകളിലെ മന്ത്രങ്ങൾക്കു വള്ളിപ്പുള്ളിവിസൎഗ്ഗാദികൾ ചേൎത്തു സുബദ്ധമാക്കിയതുപോലെ വ്യാഖ്യാതാവ് ഇതിൽ ചെയ്തിട്ടില്ല. അത്രയുമല്ല മന്ത്രങ്ങൾ പിഴകൂടാതെ അച്ചടിച്ചിട്ടുമുണ്ട്. ശബ്ദഘടനയുടെ വൈശിഷ്ട്യം മന്ത്രശാസ്ത്രജ്ഞാനമില്ലാത്തവൎക്കറിയാവുന്നതല്ലല്ലൊ. ഉപനിഷത്തുകളുടെ ഇത്ര നല്ലൊരു വ്യാഖ്യാനം ഇതുവരെ മലയാളത്തിലുണ്ടായിട്ടില്ലെന്നുള്ള പാരമാൎത്ഥ്യം ഞങ്ങൾ നിസ്സന്ദേഹം പറഞ്ഞുകൊള്ളുന്നു. വ്യാഖ്യാതാവു ഗീതാക്ലാസ്സുപോലെ ഉപനിഷൽക്ലാസ്സും ആരംഭിക്കുന്നതായാൽ അതിലുമധികം ലോകാനുഗ്രഹകരമായിട്ടൊന്നും ചെയ്യാനില്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം.

ശ്രീമതി എൽ. ദേവകിയമ്മ അവർകൾക്കാണ് ഇതിന്റെ പകൎപ്പവകാശമെങ്കിലും ഇതു പ്രസിദ്ധപ്പെട്ട

ത്തിയിരിക്കുന്നതു 'വി. വി. ബുക്കഡിപ്പൊ ആൻഡ് പ്രിൻറിങ്ങ് വർക്ക്സ്' (തിരുവനന്തപുരം, തൃശ്ശിവപേരൂർ) ആണ്.

നാലണമാത്രം വിലയുള്ള ഈ വിശിഷ്ടപുസ്തകം ജാതിമതഭേദമെന്യെ സകലരും വായിച്ചറിഞ്ഞിരിക്കേണ്ടതാകുന്നു.

---

## ക്ലേശിക്കേണ്ട

അന്യൻെറ മുതൽ ആഗ്രഹിക്കുന്നതുതന്നെ പാപമായിരിക്കെ അതു തട്ടിപ്പറിച്ച് അതിൻെറ ഉടമസ്ഥന്മാരെ അടിമകളാക്കിയാലുള്ള പാപം പറയേണമൊ? മലയാളത്തിലെ ആദിമനിവാസികൾ പുലയർ, വേട്ടുവർ, പറയർ, ഉള്ളാടന്മാർ മുതലായ ജാതിക്കാരായിരുന്നു. വെട്ടുകത്തിയും കൈക്കോട്ടും ഉപയോഗിച്ചു മലയാളം മനോഹരമാക്കിത്തീർത്തപ്പോൾ അവരെ അടിമകളാക്കി അവരുടെ യജമാനത്വം വഹിക്കാൻ ഒരു കൂട്ടർ വന്നു. അവരും കുറച്ചുകഴിഞ്ഞപ്പോൾ അവതാളത്തിലായി. ഇങ്ങിനെ പിന്നെപിന്നെ വന്നവർ ആദ്യം ആദ്യം ഉണ്ടായിരുന്നവരെ അമർത്തി ഭരിച്ചിരുന്നു. തിരുവിതാംകൂറിലും കൊച്ചിയിലും ചില പുലയകുടുംബങ്ങൾക്ക് 'അസ്സൂരയജമാനൻ' എന്ന സ്ഥാനപ്പേരുണ്ട്. 'പുലയനാർകോട്ട' എന്ന നാമധേയം ഇന്നും നിലനിന്നു വരുന്നു. ഈവക സംഗതികൾ ആലോചിച്ചു പുലയരായ ആദിദ്രാവിഡരുടെ മുതൽ തിരിച്ചുകൊടുത്തില്ലെങ്കിലും അവരെ ആട്ടിയോടിച്ച് ഉപദ്രവിക്കാതിരുന്നാൽ അതുതന്നെ വലിയൊരു സുകൃതമാണ്. അപ്പോൾ ആരും ക്ലേശിക്കേണ്ട.

ഒരു പുലയൻ.